**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1479** **07-02-2023 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 18476 പേർക്കും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി സെന്റർ മുഖേനയും മോഡൽ കരിയർ സെന്റർ മുഖേനയും നടത്തി വരുന്ന പ്ലേസ്മെന്റ് ഡ്രൈവുകളിലൂടെ 12505 പേർക്കും, നിയുക്തി തൊഴിൽ മേളകൾ മുഖേന 19,612 പേർക്കും, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകൾ വഴി 135 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ സർക്കാർ മേഖലയിൽ നൽകിയ സ്ഥിരനിയമനം, താൽക്കാലിക നിയമനം, സ്വകാര്യമേഖലയിൽ നൽകിയ നിയമനങ്ങൾ എന്നിവ വേർതിരിച്ച് വിശദമാക്കാമോ? | (ബി) | സർക്കാർ മേഖലയിൽ 4086 പേർക്ക് സ്ഥിരനിയമനവും, 14390 പേർക്ക് താൽക്കാലിക നിയമനവും, സ്വകാര്യമേഖലയിൽ 32252 പേർക്ക് നിയമനവും നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ